**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3688** **09-10-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് തരിശ് ഭൂമിയിലെ കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തരിശ് ഭൂമിയിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കി വരുന്നത്; വിശദമാക്കാമോ; | (എ) | തരിശുനിലങ്ങളിൽ ഉൾപ്പെടെ കൃഷി വ്യാപകമാക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധ വിള അടിസ്ഥാനമാക്കിയുള്ള പദ്ധതികളിലൂടെയും ഫാം പ്ലാൻ അധിഷ്ഠിത പദ്ധതികളിലൂടെയും പ്രോൽസാഹനം നൽകി വരുന്നു.<br><br>നെൽകൃഷി വികസന പദ്ധതിയിൽ തരിശുനിലങ്ങളിലെ നെൽകൃഷിയുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നെൽകൃഷി വിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശു നില നെൽകൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു. നിലവിൽ തരിശ് നെൽകൃഷിക്കായി 35000 രൂപ കർഷകനും 5000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിനു 40000 രൂപ നൽകുന്നു.<br><br>തരിശു ഭൂമികളും തെങ്ങിൻ തോട്ടങ്ങളിലെ ഇടപ്രദേശവും ഉപയോഗപ്പെടുത്തി വിള പരിക്രമണം, ബഹുവിള കൃഷി, ഇടവിള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി "വിള വൈവിധ്യവൽക്കരണം, വിളതീവ്രത, അവതരണം" എന്ന പദ്ധതിയിലൂടെ ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയുടെ കൃഷിക്ക് പ്രോത്സാഹനം നൽകുന്നു.<br><br>2025-26 സാമ്പത്തിക വർഷത്തിൽ സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞം പദ്ധതിയിൽ തരിശുഭൂമിയിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടർ ഒന്നിന് 40000/- രൂപ ധനസഹായം നൽകി വരുന്നു. ഇതിൽ 37000/- രൂപ കർഷകനും, 3000/- രൂപ ഭൂവുടമയ്ക്കും നൽകുന്നു. മൂന്ന് വർഷമെങ്കിലും തരിശായി കിടക്കുന്ന ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനാണ് ഈ ആനുകൂല്യം നൽകുന്നത്. വ്യക്തിഗത കർഷകർ, |

| | | | |
|---|---|---|---|
| | | | ഭൂരഹിത കർഷക തൊഴിലാളികൾ, കർഷക ഗ്രൂപ്പുകൾ, യുവജന ക്ലബ്ബുകൾ, തരിശുഭൂമി കൃഷി ചെയ്യാൻ തയ്യാറുള്ള മറ്റ് സംഘടനകൾ എന്നിവരിലൂടെ തരിശു ഭൂമി കണ്ടെത്തി കൃഷി നടപ്പിലാക്കുന്നു. കൃഷിക്കാർക്കുള്ള സഹായം നിലമൊരുക്കൽ മുതൽ വിളവെടുപ്പ് വരെയുള്ള പ്രവർത്തനങ്ങൾക്കാണ്. സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞം പദ്ധതിയിൽഉൾപ്പെടുത്തി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഉപയോഗിക്കാത്ത തരിശായി കിടക്കുന്ന സ്ഥലങ്ങളിലും പച്ചക്കറി കൃഷി പോഷക തോട്ടങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനായി പ്രത്യേക ഘടകം നടപ്പിലാക്കി വരുന്നു.<br><br>കേരളത്തിലെ ഉപയോഗശൂന്യമായതും തരിശായി കിടക്കുന്നതുമായ ഭൂവിഭവങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുന്നതിനായി, "New Agriculture Wealth Opportunities-Driving Horticulture and Agribusiness Networking (NAWO-DHAN)" അനുബന്ധ പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷത്തിൽ തുടക്കമിട്ടു. പ്രസ്തുത പദ്ധതിയിലൂടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉദ്യാനകൃഷി, ഹൈഡ്രോപോണിക്സ്, സംരക്ഷിത കൃഷി, കൃത്യതാ കൃഷി, ഹൈടെക് ഇടവിള കൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ, മറ്റു മേഖലകളിൽ ഉൾപ്പെട്ട പ്രവർത്തികൾ എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഭൂവുടമകളെയും കർഷക ഉൽപാദക സംഘടനകളെയും, കൃഷിക്കൂട്ടങ്ങളെയും, കുടുംബശ്രീ യൂണിറ്റുകളെയും, സ്വയം സഹായ സംഘങ്ങളെയും, സ്റ്റാർട്ടപ്പുകളെയും, യുവജന സംഘങ്ങളെയും ബന്ധിപ്പിക്കാൻ നവോധൻ പദ്ധതി വഴി കഴിയും. കേരള ആഗ്രോ ബിസിനസ് കമ്പനി (KABCO) നവോധൻ പദ്ധതി സംയോജിപ്പിക്കുന്ന ഒരു സ്പെഷ്യൽ പർപസ് വെഹിക്കിൾ (SPV) ആയി പ്രവർത്തിക്കും. |
| (ബി) | ഈയിനത്തിൽ 2024-25 വർഷത്തിൽ എത്ര രൂപ ചിലവഴിച്ചു; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (ബി) | 2024-25 സാമ്പത്തിക വർഷം നെൽകൃഷി വികസന പദ്ധതി വഴി **605.992675** ഹെക്ടർ സ്ഥലത്ത് തരിശ്ശ് കൃഷി നടപ്പാക്കി. ഇതിനായി **242.39707** ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം** ആയി ചേർക്കുന്നു |
| (സി) | തരിശ് ഭൂമിയിൽ കൃഷി ഏറ്റെടുത്ത് നടപ്പിലാക്കിയ ഏതൊക്കെ കർഷകർക്ക്/കർഷക കൂട്ടായ്മകൾക്ക് ധനസഹായം ഇനി നൽകുവാനുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (സി) | തരിശ് ഭൂമിയിൽ കൃഷി ഏറ്റെടുത്ത് നടപ്പിലാക്കിയ കർഷകർക്ക് /കർഷക കൂട്ടായ്മകൾക്ക് ധനസഹായം നൽകുവാൻ കുടിശ്ശികയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സഹായം ലഭിച്ചിട്ടില്ലെന്നുള്ള പരാതി രേഖാമൂലം ആരെങ്കിലും നൽകിയിട്ടുണ്ടോ; എങ്കിൽ അതിൽ | (ഡി) | തരിശ് ഭൂമിയിൽ കൃഷി ഏറ്റെടുത്ത് നടപ്പിലാക്കിയ കർഷകർക്ക് /കർഷക കൂട്ടായ്മകൾക്ക് ധനസഹായം |

| | | | |
|---|---|---|---|
| | എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | | നൽകുവാൻ കുടിശ്ശികയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | പരാതിക്കാർക്ക് ധനസഹായം അനുവദിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | തരിശ് ഭൂമിയിൽ കൃഷി ഏറ്റെടുത്ത് നടപ്പിലാക്കിയ കർഷകർക്ക് /കർഷക കൂട്ടായ്മകൾക്ക് ധനസഹായം നൽകുവാൻ കുടിശ്ശികയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| തരിശ്ശ് കൃഷി നടപ്പിലാക്കിയത് (നെൽ കൃഷി) | | |
|---|---|---|
| **ജില്ല** | **ഭൗതികം (ഹെക്ടർ)** | **സാമ്പത്തികം (ലക്ഷം രൂപയിൽ)** |
| തിരുവനന്തപുരം | 6.9095 | 2.7638 |
| കൊല്ലം | 0.536 | 0.2144 |
| പത്തനംതിട്ട | 25.8615 | 10.3446 |
| ആലപ്പുഴ | 22.82565 | 9.13026 |
| കോട്ടയം | 79.14555 | 31.65822 |
| ഇടുക്കി | 1 | 0.4 |
| എറണാകുളം | 113.034725 | 45.21389 |
| തൃശൂർ | 115.549225 | 46.21969 |
| പാലക്കാട് | 14.86 | 5.944 |
| മലപ്പുറം | 81.2691 | 32.50764 |
| കോഴിക്കോട് | 17.745175 | 7.09807 |
| വയനാട് | 43.2215 | 17.2886 |
| കണ്ണൂർ | 73.1675 | 29.267 |
| കാസറഗോഡ് | 10.86725 | 4.3469 |